**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.980** **05.03.2020-ൽ** മറുപടിക്ക്

**പൊതുമരാമത്ത് പണികൾക്കുള്ള ടാറിന്റെ വിതരണം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. റോഷി അഗസ്റ്റിൻ**<br>**ഡോ.എൻ. ജയരാജ്** | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പൊതുമരാമത്ത് പണികൾക്കുള്ള ടാറിന്റെ വിതരണ സംവിധാനത്തിൽ ഈ സർക്കാർ വന്ന ശേഷം വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) ഒരു കോടിക്ക് താഴെയുള്ള പൊതുമരാമത്ത് പണികൾക്കുള്ള ടാറിന്റെ വിതരണ സമ്പ്രദായത്തിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. 1 കോടി വരെയുള്ള പ്രവൃത്തികളിൽ ഡിപ്പാർട്ട്മെന്റ് മുഖേന ടാർ നൽകി വന്നിരുന്നു. 20.08.2019-ലെ സ.ഉ(സാധാ) നം.1029/2019/പൊ.മ.വ പ്രകാരം ഡിപ്പാർട്ട്മെന്റ് ടാർ നൽകുന്ന സംവിധാനം നിർത്തലാക്കിയിട്ടുണ്ട്. |
| (ബി) ഒരു കോടി രൂപ വരെയുള്ള പ്രവൃത്തികൾക്കായുള്ള ടാർ വിതരണം പൊതുമരാമത്ത് വകുപ്പ് നേരിട്ട് നടത്തിയിരുന്നത് നിർത്തലാക്കിയതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) പൊതുമരാമത്ത് വകുപ്പ് 1 കോടി രൂപ വരെയുള്ള പ്രവൃത്തികൾക്ക് ടാർ വിതരണം ചെയ്യുന്നത് സെയിൽസ് ഇഷ്യൂ ആയി കണക്കാക്കണമെന്നും നാളിതുവരെ ചെയ്ത സംവിധാനം തെറ്റാണെന്നും പരാമർശിച്ചുകൊണ്ട് സെൻട്രൽ ജി.എസ്.ടി ഇന്റലിജൻസ് വിഭാഗം സമൻസ്/ നോട്ടീസുകൾ നൽകുകയും വിശദീകരണങ്ങൾ ആവശ്യപ്പെടുകയും ചെയ്തു. ഇന്റലിജൻസ് വിഭാഗത്തിന്റെ കണ്ടെത്തലിൽ ജി.എസ്.ടി നിലവിൽ വന്നതു മുതൽ നാളിതുവരെ ശരിയായ നടപടിയിൽ അല്ല ടാർ നൽകിയത് എന്ന കാരണം ചുമത്തി ഒരു വൻ തുക പിഴയായി ഒടുക്കണമെന്നും അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ ജി.എസ്.ടി നിയമങ്ങൾ നിഷ്കർഷിക്കുന്ന പ്രകാരം ടാർ നൽകാൻ നിലവിൽ പൊതുമരാമത്ത് വകുപ്പിൽ ഉള്ള അക്കൗണ്ടിംഗ് സംവിധാനം പര്യാപ്തമല്ല. ആയതിനാൽ ടാർ വിതരണം നിർത്തലാക്കിയിട്ടുണ്ട്. |
| (സി) അതുമൂലം ചെറിയ അറ്റകുറ്റപ്പണികൾ കരാറുകാർ ഏറ്റെടുക്കാത്ത സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രശ്നപരിഹാരത്തിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) ഇതുമൂലം കരാറുകാർ കരാർ ഏറ്റെടുക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 14.11.2019-ലെ സ.ഉ(സാധാ) നം.1320/2019/പൊ.മ.വ പ്രകാരം കരാറുകാർക്ക് പൊതുമേഖല എണ്ണക്കമ്പനികൾക്ക് പുറമെ സിഡ്കോ-യിൽ നിന്നും ബിറ്റുമിൻ വാങ്ങുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ